# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6157 — 10.07.2012 - ൽ മറുപടിക്ക്

## സീഡ് അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. സുരേഷ് കുറുപ്പ് | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ)കേരളകാർഷിക സർവ്വ കലാശാലയുടെ കീഴിലുള്ള സീഡ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്ന വിത്തു-നടീൽ വസ്തുക്കളുടെ ഉത്പാദനം സംബന്ധിച്ച വിവിധ പദ്ധതികളുടെ മേൽനോട്ടം വഹിക്കുകയും അവയുടെ നടത്തിപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ പ്രത്യേകമായും, കൂടാതെ ഓരോ വർഷവും പൊതുവെയും വിലയിരുത്തുകയും ചെയ്യാറുണ്ട്. |
| (ബി) അതോറിറ്റി സ്വകാര്യ നഴ്സറികൾക്ക് അംഗീകാരം നൽകിത്തുടങ്ങിയോ; എത്ര നഴ്സറികൾക്കാണ് അതോറിറ്റി നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്; | (ബി) ഇല്ല. നഴ്സറികൾക്ക് അംഗീകാരം നൽകുന്നതിനുള്ള ചുമതലയും ഉത്തരവാദിത്തവും കൃഷിവകുപ്പിനാകയാൽ കാർഷിക സർവ്വകലാശാല സ്വകാര്യ നഴ്സറികൾക്ക് അംഗീകാരം നൽകുന്ന പതിവില്ല. |
| (സി) കാർഷിക സർവ്വകലാശാലയിൽ നടീൽ വസ്തുക്കളുടെ ഉത്പാദനം ഉയർത്തുവാൻ വേണ്ടി പ്രവർത്തിച്ച് വരുന്ന നെറ്റ് വർക്ക് കേന്ദ്രം ശക്തിപ്പെടുത്തുന്നതിനായി പദ്ധതി യിനത്തിൽ 2011-12 ൽ എന്ത് തുക വകയിരുത്തിയിരുന്നു; അതിൽ എന്ത് തുക സർവ്വകലാശാലയ്ക്ക് കൈമാറി; | സി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതി പ്രകാരം 17.08.2011 ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(ആർ.ടി) 1496/2011/എഡി അനുസരിച്ച് ഗുണമേന്മയുള്ള വിത്തു നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുവാനുള്ള നെറ്റ് വർക്ക് സ്കീമിന് അംഗീകാരം ലഭിക്കുകയുണ്ടായി. ഈ ഇനത്തിൽ 50 ലക്ഷം രൂപ കംപ്ട്രോളറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ സീഡ് അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കിയത് ? | (ഡി) 2011-12 വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ച മേൽ സൂചിപ്പിച്ച പദ്ധതി സർവ്വകലാശാലയുടെ 16 കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുവാനുള്ള ഭരണാനുമതിയും (02.11.2011), ധന വിനിയോഗത്തിനുള്ള ഉത്തരവും (29.11.2011) നൽകുകയുണ്ടായി.<br><br>നെല്ല്, പച്ചക്കറികൾ, പയർ വർഗ്ഗങ്ങൾ ഇവയുടെ വിത്തും, ഫലവർഗ്ഗങ്ങൾ, തോട്ടവിളകൾ, കിഴങ്ങു വർഗ്ഗങ്ങൾ ഇവയുടെ നടീൽ വസ്തുക്കളും ഉത്പാദിപ്പിക്കുവാനുള്ള പദ്ധതികളും 8 കേന്ദ്രങ്ങളിൽ ഇതിനുള്ള റിവോൾവിഗ് ഫണ്ട് ആരംഭിക്കുവാനും ഈ പദ്ധതി മൂലം സാധിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ഇക്കൊല്ലവും തുടരുന്നു. |

സെക്ഷൻ ഓഫീസർ